പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6500 08.11.2016 ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിന് കീഴിലെ നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പിന് കീഴിലും അനുബന്ധ സ്ഥാപനങ്ങൾക്ക് കീഴിലും പി.എസ്.സി വഴിയല്ലാതെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്ന് വിഭാഗം തിരിച്ച് വിശദമാക്കാമോ; ഇപ്രകാരം നിയമനം നടന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; കോഴിക്കോട് ജില്ലയിൽ ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ പേര് വിവരം, വിലാസം എന്നിവ വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പിനു കീഴിൽ പി.എസ്.സി മുഖേനയല്ലാതെ നിയമനം നൽകിയവരുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 2665 നിയമനങ്ങൾ.<br><br>തിരുവനന്തപുരം - 456<br>ആലപ്പുഴ - 127<br>കോട്ടയം - 348<br>തൃശ്ശൂർ - 849<br>കോഴിക്കോട് - 355<br>ഇടുക്കി - 96<br>മലപ്പുറം (മഞ്ചേരി) - 434<br><br>കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിൻ കീഴിൽ നിയമനം ലഭിച്ചവരുടെ പേര് വിവരങ്ങൾ അനുബന്ധം 2 ആയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു. |
| (ബി) | ആരോഗ്യ വകുപ്പ് നിയമനങ്ങളിൽ മുൻ സർക്കാർ ഇടപെടലുകൾ നടത്തിയതിനാൽ വയനാട് ഡി.എം.ഒ ആയിരുന്ന ഡോ. പി.വി.ശശിധരൻ ആത്മഹത്യ ചെയ്തതായുള്ള ആക്ഷേപം ശ്രദ്ധയിലുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഡോ.പി.വി ശശിധരൻ ആത്മഹത്യ ചെയ്യാനിടയായ സംഭവം ഗൗരവത്തിൽ അന്വേഷിക്കുന്നതിനും മുൻ സർക്കാരിന്റെ ഭരണകാലയളവിൽ ആരോഗ്യ വകുപ്പിൽ നടന്നിട്ടുള്ള ക്രമരഹിത നിയമനങ്ങൾ, നടപടികൾ, അവിഹിത ഇടപെടലുകൾ എന്നിവ സംബന്ധിച്ചെല്ലാം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മുൻ സർക്കാരിന്റെ ഭരണകാലയളവിൽ ആരോഗ്യ വകുപ്പിൽ ക്രമരഹിത നിയമനങ്ങൾ നടത്തിയെന്നു കാണിച്ചുകൊണ്ട് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ